## കേരള സർവകലാശാല

നം. പി.ആർ.108/2018 ഫോൺ : 2305738

## പത്രക്കുറിപ്പ്

### എൽ.എൽ.ബി പുനർമൂല്യനിർണ്ണയം നിയമാനുസൃതം

കഴിഞ്ഞ ദിവസങ്ങളിൽ ചില മാധ്യമങ്ങളിൽ കേരള സർവകലാശാലയെക്കുറിച്ച് അടിസ്ഥാനരഹിതമായ വാർത്തകൾ വരികയുണ്ടായി. എൽ.എൽ.ബി പരീക്ഷയിലെ പുനർമൂല്യനിർണയം സംബന്ധിച്ച വിഷയത്തിൽ സർവകലാശാല ചട്ടങ്ങൾക്ക് അനുസൃതമായും ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ നിർദ്ദേശത്തിന്റെയും ബന്ധപ്പെട്ട സമിതികളുടെയും വിലയിരുത്തലുകളുടെ വെളിച്ചത്തിലാണ് നടപടികൾ കൈകൊണ്ടിട്ടുള്ളത്. പരീക്ഷാ വിഭാഗത്തിന്റെ സമ്പൂർണ്ണമായ നവീകരണവുമായി ബന്ധപ്പെട്ട് മേയ് രണ്ട്, മൂന്ന് തീയതികളിൽ നടത്തിയ ശില്പശാലയിൽ ചർച്ചചെയ്യുകയും അതിന്റെ ഭാഗമായി സാധ്യതാപഠനങ്ങൾ നടത്തിവരുകയും ചെയ്യുന്ന പലവിഷയങ്ങളിൽ ഒന്ന് മാത്രമാണ് ഡമ്മി നമ്പറിംഗ് രീതി. സമയബന്ധിതമായി പരീക്ഷാമൂല്യനിർണ്ണയവും ഫലപ്രഖ്യാപനവും നടത്തുന്നതിലേക്കായി പരീക്ഷാ വിഭാഗം പൂർണ്ണമായും ആധുനികവൽക്കരിക്കുന്ന വിഷയം സിൻഡിക്കേറ്റിന്റെ സജീവ പരിഗണനയിലാണ്.

### എം.എ, എം.കോം പ്രൈവറ്റ് രജിസ്ട്രേഷൻ പരീക്ഷാകേന്ദ്രങ്ങൾ

മേയ് 15-ന് ആരംഭിക്കുന്ന ഒന്നാം വർഷ എം.എ/എം.കോം പ്രൈവറ്റ് രജിസ്ട്രേഷൻ (2016 അഡ്മിഷൻ-ആന്വൽ സ്കീം) പരീക്ഷാകേന്ദ്രങ്ങൾ താഴെപ്പറയുന്നതാണ്.

തിരുവനന്തപുരം കേന്ദ്രമായി അപേക്ഷിച്ചിരിക്കുന്ന എം.എ മലയാളം വിദ്യാർത്ഥികൾ ഗവ.സംസ്കൃത കോളേജിലും മറ്റ് എം.എ വിദ്യാർത്ഥികൾ തിരുവനന്തപുരം ഗവ. യൂണിവേഴ്സിറ്റി കോളേജിലും പരീക്ഷ എഴുതണം. എം.കോം വിദ്യാർത്ഥികളിൽ ആറ്റിങ്ങൽ ഗവ. കോളേജ് തിരഞ്ഞെടുത്തവർക്ക് പരീക്ഷാകേന്ദ്രത്തിൽ മാറ്റമില്ല. എം.കോമിലെ മറ്റ് ആൺകുട്ടികൾ തിരുവനന്തപുരം ഗവ. ആർട്സ് കോളേജിലും പെൺകുട്ടികളിൽ A മുതൽ R വരെയുള്ള അക്ഷരങ്ങളിൽ പേര് തുടങ്ങുന്നവർക്ക് ഗവ.വിമൻസ് കോളേജും, S മുതൽ Z വരെയുള്ള അക്ഷരങ്ങളിൽ പേര് തുടങ്ങുന്നവർ നിറമൺകര എൻ.എസ്.എസ് കോളേജും ആയിരിക്കും പരീക്ഷാകേന്ദ്രം.

കൊല്ലം ജില്ല പരീക്ഷാകേന്ദ്രമായി തെരഞ്ഞെടുത്ത എല്ലാ എം.എ (മലയാളം ഒഴികെ), എം.കോം വിദ്യാർത്ഥികളുടെയും പരീക്ഷാകേന്ദ്രം കൊല്ലം എസ്.എൻ കോളേജും, എം.എ മലയാളം വിദ്യാർത്ഥികൾക്ക് നിലമേൽ എൻ.എസ്.എസ് കോളേജും ആയിരിക്കും പരീക്ഷാകേന്ദ്രം.

മറ്റ് ജില്ലകൾ പരീക്ഷാകേന്ദ്രമായി തെരഞ്ഞെടുത്തവർക്ക് കായംകുളം എം.എസ്.എം കോളേജ് ആണ് പരീക്ഷാകേന്ദ്രം. വിദ്യാർത്ഥികൾ അതത് കേന്ദ്രങ്ങളിൽ നിന്ന് ഹാൾടിക്കറ്റ് കൈപ്പറ്റണം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### പ്രോജക്ട് മൂല്യനിർണയം, സെമിനാർ

ഏപ്രിലിൽ നടന്ന ആറാം സെമസ്റ്റർ കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ് ബി.എസ്സി ഇലക്ട്രോണിക്സ് പരീക്ഷയുടെ പ്രോജക്ട് മൂല്യനിർണയവും

സെമിനാറും മേയ് 21, 22 തീയതികളിൽ അതത് കോളേജുകളിൽ വച്ച് നടത്തും. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.കോം പ്രോജക്ട് മൂല്യനിർണയം, വാചാപരീക്ഷ

ഏപ്രിലിൽ നടത്തിയ ആറാം സെമസ്റ്റർ ബി.കോം കൊമേഴ്സ് ആന്റ് ടാക്സ് പ്രൊസീജിയർ ആന്റ് പ്രാക്ടീസ് പരീക്ഷ (2015 അഡ്മിഷൻ റഗുലർ & 2013, 2014 അഡ്മിഷൻ സപ്ലിമെന്ററി) യുടെ പ്രോജക്ട് മൂല്യനിർണയവും വാചാപരീക്ഷയും മേയ് 14, 15 തീയതികളിൽ അതത് കോളേജുകളിൽ വച്ച് നടത്തും. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

ഏപ്രിലിൽ നടത്തിയ കരിയർ റിലേറ്റഡ് സി.ബി.സി.എസ് ആറാം സെമസ്റ്റർ ബി.കോം കൊമേഴ്സ് ആന്റ് ടൂറിസം ആന്റ് ട്രാവൽ മാനേജ്മെന്റിന്റെ പ്രോജക്ട് മൂല്യനിർണയവും വൈവയും മേയ് 14, 15 തീയതികളിൽ അതത് പരീക്ഷാകേന്ദ്രങ്ങളിൽ വച്ച് നടത്തും. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.എസ്സി പ്രാക്ടിക്കൽ

ഏപ്രിലിൽ നടത്തിയ ആറാം സെമസ്റ്റർ ബി.എസ്സി ബയോകെമിസ്ട്രി ആന്റ് ഇൻഡസ്ട്രിയൽ മൈക്രോബയോളജി പരീക്ഷ (2015 അഡ്മിഷൻ റഗുലർ ആന്റ് 2013, 2014 അഡ്മിഷൻ സപ്ലിമെന്ററി) യുടെ പ്രാക്ടിക്കൽ പരീക്ഷകൾ മേയ് 21, 22, 23, 24, 28, 29 തീയതികളിൽ അതത് കോളേജുകളിൽ വച്ച് നടത്തും. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.പി.എ പ്രാക്ടിക്കൽ

ഏപ്രിലിൽ നടത്തിയ ആറാം സെമസ്റ്റർ ബി.പി.എ ഡാൻസ്, മൃദംഗം പരീക്ഷയുടെ പ്രാക്ടിക്കൽ യഥാക്രമം മേയ് 21, 25-ന് ശ്രീ സ്വാതിതിരുനാൾ സംഗീത കോളേജിൽ ആരംഭിക്കും. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## പ്രോജക്ട് റിപ്പോർട്ട് സമർപ്പിക്കണം

വിദൂരവിദ്യാഭ്യാസ വിഭാഗം ഏപ്രിലിൽ നടത്തിയ അവസാന വർഷ ബി.എസ്സി കമ്പ്യൂട്ടർ സയൻസ്/ബി.സി.എ (പഴയ സ്കീം/പുതിയ സ്കീം) ഡിഗ്രി പരീക്ഷകളുടെ പ്രോജക്ട് റിപ്പോർട്ട് മേയ് 21-ന് മുൻപായി സ്റ്റഡി സെന്ററിൽ സമർപ്പിക്കണം.

## മാർക്ക് ലിസ്റ്റുകൾ കൈപ്പറ്റണം

വിദൂരവിദ്യാഭ്യാസ കേന്ദ്രം ഒക്ടോബറിൽ നടത്തിയ ഒന്നും രണ്ടും വർഷ ബി.സി.എ/ബി.എസ്സി കമ്പ്യൂട്ടർ സയൻസ് കോഴ്സുകളുടെ സപ്ലിമെന്ററി പരീക്ഷകളുടെ മാർക്ക് ലിസ്റ്റുകൾ (ഓൺലൈൻ) അതത് പരീക്ഷാകേന്ദ്രങ്ങളിൽ (പാളയം, എസ്.ഡി.ഇ, കൊല്ലം ഫാത്തിമ മെമ്മോറിയൽ ട്രയിനിംഗ് കോളേജ്, ചേർത്തല എസ്.എൻ കോളേജ്) നിന്നും കൈപ്പറ്റണം.

## സൂക്ഷ്മപരിശോധന, പുനർമൂല്യനിർണയം തീയതി നീട്ടി

വിദൂരവിദ്യാഭ്യാസ വിഭാഗം ഏപ്രിൽ 11-ന് പ്രസിദ്ധീകരിച്ച ഒന്നും രണ്ടും വർഷ ബി.എസ്സി കമ്പ്യൂട്ടർ സയൻസ്/ബി.സി.എ (2014 അഡ്മിഷൻ ഓൺലൈൻ) വിദ്യാർത്ഥികൾക്ക് സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യ

നിർണയത്തിനും അപേക്ഷിക്കുന്നതിന് മേയ് 10-ൽ നിന്നും 25-ലേയ്ക്ക് ദീർഘിപ്പിച്ചു.

## ബി.ടെക് ടൈംടേബിൾ

മേയ് 30-ന് ആരംഭിക്കുന്ന എട്ടാം സെമസ്റ്റർ ബി.ടെക് റഗുലർ (2013 സ്കീം) പരീക്ഷയുടെ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.കോം പ്രാക്ടിക്കൽ

2017 ഡിസംബറിൽ നടത്തിയ മൂന്നാം സെമസ്റ്റർ ബി.കോം കമ്പ്യൂട്ടർ ആപ്ലിക്കേഷന്റെ (2b) പ്രാക്ടിക്കൽ പരീക്ഷകൾ മേയ് 21-ന് ആരംഭിക്കും. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## എം.ബി.എ പരീക്ഷ

ഒന്നാം സെമസ്റ്റർ എം.ബി.എ (ഫുൾടൈം, ഈവനിംഗ്, റഗുലർ), യു.ഐ.എം, ട്രാവൽ ആന്റ് ടൂറിസം 2014 സ്കീം പരീക്ഷയ്ക്ക് പിഴകൂടാതെ മേയ് 21, 50 രൂപ പിഴയോടെ മേയ് 23, 125 രൂപ പിഴയോടെ മേയ് 25 വരെ ഫീസടച്ച് അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.ബി.എ പരീക്ഷാകേന്ദ്രങ്ങൾ

മേയ് 17-ന് ആരംഭിക്കുന്ന അഞ്ചാം സെമസ്റ്റർ, 28-ന് ആരംഭിക്കുന്ന ആറാം സെമസ്റ്റർ ബി.ബി.എ (വിദൂരവിദ്യാഭ്യാസം) സപ്ലിമെന്ററി പരീക്ഷകൾക്ക് (2013 & 2014 അഡ്മിഷൻ) തിരുവനന്തപുരം പരീക്ഷാകേന്ദ്രമായി അപേക്ഷിച്ചവർ തിരുവനന്തപുരം ആർട്ട്സ് കോളേജും, കൊല്ലം പരീക്ഷാകേന്ദ്രമായി അപേക്ഷിച്ചവർ കൊല്ലം എസ്.എൻ കോളേജും, ആലപ്പുഴ പരീക്ഷാകേന്ദ്രമായി അപേക്ഷിച്ചവർ ചേർത്തല എസ്.എൻ കോളേജിൽ നിന്നും ഹാൾടിക്കറ്റ് വാങ്ങി അതത് കോളേജുകളിൽ പരീക്ഷ എഴുതണം.

## നാടക പ്രദർശനം

കേരള സർവകലാശാല ക്യാമ്പസ് അസോസിയേഷൻ മേയ് 12-ന് വൈകുന്നേരം ഏഴ് മണിക്ക് കെ.പി.എ.സി-യുടെ 'ന്റെ പ്പുപ്പാക്കൊരാനണ്ടാർന്ന്' എന്ന നാടകം അവതരിപ്പിക്കുന്നു. യൂണിവേഴ്സിറ്റി ഗോൾഡൻ ജൂബിലി ആഡിറ്റോറിയത്തിൽ ആണ് പ്രദർശനം.

## സർവകലാശാല ലൈബ്രറി സ്നേഹസംഗമം 2018

സർവകലാശാല ലൈബ്രറിയുടെ 75-ാം വാർഷികാഘോഷങ്ങളുടെ ഭാഗമായി സർവകലാശാല ലൈബ്രറി ശൃംഖലയിൽ സേവനമനുഷ്ഠിച്ച് വിരമിച്ചവരും നിലവിൽ സേവനമനുഷ്ഠിച്ച് വരുന്നവരും ചേർന്നുകൊണ്ടുള്ള ഒരു സ്നേഹസംഗമം ലൈബ്രറിയിൽ സംഘടിപ്പിക്കും. മേയ് 13-ന് രാവിലെ 11 മണിക്ക് ലൈബ്രറിഹാളിൽ നടക്കുന്ന സംഗമത്തിൽ വച്ച് 75 വയസ്സ് പിന്നിടുന്ന ലൈബ്രറി പ്രൊഫഷണൽസിനെ ആദരിക്കും.

## പി.ജി ഡിപ്ലോമ ഇൻ കൗൺസലിംഗ് സൈക്കോളജി

തുടർവിദ്യാഭ്യാസ വ്യാപനകേന്ദ്രം നടത്തുന്ന പി.ജി ഡിപ്ലോമ ഇൻ കൗൺസലിംഗ് സൈക്കോളജി കോഴ്സിന് അപേക്ഷ ക്ഷണിയ്ക്കുന്നു. വിദ്യാഭ്യാസ യോഗ്യത: കേരള സർവകലാശാല അംഗീകരിച്ച ബിരുദം. കോഴ്സ് കാലാവധി: ഒരു വർഷം. ക്ലാസ്സുകൾ: ശനി, ഞായർ ദിവസങ്ങളിൽ മാത്രം. പ്രായപരിധി ഇല്ല. ഫീസ്: 16,500/–, അപേക്ഷാഫീസ്: 100 രൂപ. അവസാന തീയതി: മേയ് 22. വിവരങ്ങൾക്ക് പി.എം.ജിയിലുള്ള സി.എ.സി.ഇ.ഇ ഓഫീസുമായി ബന്ധപ്പെടുക. ഫോൺ: 0471–2302523.

## സർട്ടിഫിക്കറ്റ് ഇൻ നഴ്സിംഗ് അഡ്മിനിസ്ട്രേഷൻ

തുടർവിദ്യാഭ്യാസ വ്യാപനകേന്ദ്രം നടത്തുന്ന സർട്ടിഫിക്കറ്റ് ഇൻ നഴ്സിംഗ് അഡ്മിനിസ്ട്രേഷൻ കോഴ്സിന് അപേക്ഷ ക്ഷണിയ്ക്കുന്നു. യോഗ്യത: പ്ലസ്ടു/പ്രീഡിഗ്രി ജയിച്ചിരിക്കണം. ജി.എൻ.എം/ബി.എസ്സി; നഴ്സിംഗ്, കൂടാതെ കേരള രജിസ്ട്രേഷൻ ചെയ്തിരിക്കണം. ഫീസ്: 7500 രൂപ. ക്ലാസ്സുകൾ: ശനി, ഞായർ ദിവസങ്ങളിൽ. കോഴ്സ് കാലാവധി: ആറ് മാസം. അവസാന തീയതി: മേയ് 22. വിവരങ്ങൾക്ക്: ഫോൺ: 0471 2302523.

## സർട്ടിഫിക്കറ്റ് ഇൻ കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ആന്റ് പബ്ലിക് സ്പീക്കിങ്

തുടർവിദ്യാഭ്യാസ വ്യാപനകേന്ദ്രം നടത്തുന്ന സർട്ടിഫിക്കറ്റ് ഇൻ കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ആന്റ് പബ്ലിക് സ്പീക്കിങ് കോഴ്സിന് അപേക്ഷ ക്ഷണിച്ചു. യോഗ്യത: പ്ലസ്ടു/പ്രീഡിഗ്രി പാസ്സായിരിക്കണം. കോഴ്സ് കാലാവധി: നാല് മാസം. ഫീസ്: 5000/– ക്ലാസ്സുകൾ: ശനി, ഞായർ ദിവസങ്ങളിൽ മാത്രം. അപേക്ഷാഫീസ്: 100 രൂപ. അവസാനതീയതി: മേയ് 22. ഉയർന്ന പ്രായപരിധി ഇല്ല. താല്പര്യമുള്ളവർ പി.എം.ജി ജംങ്ഷനിലെ CACEE ഓഫീസുമായി ബന്ധപ്പെടുക. ഫോൺ: 0471–2302523.

## എം.എ/എം.എസ്സി/എം.കോം/എം.എസ്.ഡബ്ല്യൂ/എം.എം.സി.ജെ/എം.പി.എ/എം.എ(എച്ച്.ആർ.എം) പരീക്ഷ

മേയ് 21–ന് ആരംഭിക്കുന്ന ഒന്നാം സെമസ്റ്റർ എം.എ/എം.എസ്സി/എം.കോം/എം.എസ്.ഡബ്ല്യൂ/എം.എം.സി.ജെ/എം.പി.എ/എം.എ (എച്ച്.ആർ.എം) ഡിഗ്രി പരീക്ഷകളുടെ (റഗുലർ, ഇംപ്രൂവ്മെന്റ്, സപ്ലിമെന്ററി, മേഴ്സിചാൻസ്) വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

തിരുവനന്തപുരം.
11.05.2018

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ